(ബി) ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് വനംവകുപ്പിൽ പ്രൊമോഷൻ ലഭിക്കുന്നതിന് കൂടുതൽ ആനുകൂല്യം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡുകളിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നിശ്ചിതശതമാനം പ്രൊമോഷൻ ക്വാട്ട അനുവദിക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി & ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മുണ്ടോമൂഴി -മണ്ണിറ ഫോറസ്റ്റ് റോഡ്

78 (1133) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മുണ്ടോമൂഴി മണ്ണിറ ഫോറസ്റ്റ് റോഡ് കാൽനടയായിപ്പോലും യാത്ര ചെയ്യാൻ സാധിക്കാത്ത വിധത്തിൽ കേടായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഈ റോഡ് റീ-ടാറിംഗ് നടത്തി വാഹനസഞ്ചാര യോഗ്യമാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പണി ഏറ്റെടുത്ത് നടത്താൻ കഴിയാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുന്നതാണ്.

മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുവാൻ നടപടി

79(1134) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly